(സി) മാവേലിക്കര മണ്ഡലത്തിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുക്കുകയും നടപ്പിലാക്കുകയും ചെയ്ത റോഡ് നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ 2014-15 സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(ഇ) പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് 2014-15 വർഷക്കാലം സർക്കാർ പുറത്തിറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു

കഴിക്കാണി പ്രദേശവാസികളെ കൊടകര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി

324 (1767) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര ഗ്രാമപഞ്ചായത്തിലെ 3,4 വാർഡുകളോട് ചേർന്നു കിടക്കുന്നതും ഇപ്പോൾ മറ്റത്തൂർ പഞ്ചായത്തിലെ 19-ാം വാർഡിലുൾപ്പെട്ടതുമായ കഴിക്കാണി പ്രദേശത്തെ നൂറിലധികം വരുന്ന കുടുംബങ്ങളെ കൊടകര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തുന്നതിനായുള്ള അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) അപേക്ഷയിൽ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

പുൽപ്പറ്റ പഞ്ചായത്തിൽ സാംസ്കാരിക നിലയവും അംഗൻവാടി കെട്ടിട നിർമ്മാണവും പദ്ധതി

325 (1768) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ ചെലവിൽ പുൽപ്പറ്റ പഞ്ചായത്തിൽ നിർമ്മിക്കുന്ന പഞ്ചായത്ത് സാംസ്കാരിക നിലയവും അംഗൻവാടി കെട്ടിട നിർമ്മാണവും എന്ന പദ്ധതിക്ക് ധനകാര്യ വകുപ്പ് അനുമതി ലഭിച്ചിട്ടും ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം എന്താണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) ഭരണാനുമതി എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) പുൽപ്പറ്റ പഞ്ചായത്തിൽ മലപ്പുറം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന പഞ്ചായത്ത് സാംസ്കാരിക നിലയവും അംഗൻവാടി കെട്ടിട നിർമ്മാണവും എന്ന പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിലേക്കായി ധനകാര്യ വകുപ്പിലേക്കയച്ചപ്പോൾ നിലവിലെ SOR പ്രകാരം വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കാൻ പ്രസ്തുത വകുപ്പ് ആവശ്യപ്പെട്ടതിൻ പ്രകാരം ആയത് ലഭ്യമാക്കാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. വിശദമായ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ഇ.എം.എസ്. ഭവന പദ്ധതി

326 (1769) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. എം. എസ്. ഭവന പദ്ധതി നിലവിലുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇ.എം.എസ്. ഭവന പദ്ധതിപ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ എത്ര വീടുകൾ അനുവദിച്ചുവെന്നുള്ള പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി 2012 മാർച്ച് 31-ന് പൂർത്തിയായി. എന്നാൽ 2012 മാർച്ച് 31 വരെ കരാർ വച്ച് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവർക്ക് ധനസഹായം നൽകിവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ അനുവദിച്ച വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly